**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1494** | **19-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ പാചകപ്പുര നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിൽ പാചകപ്പുരകളും സ്റ്റോർ റൂമുകളും നിർമ്മിക്കുന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നോൺ- റിക്കറിംഗ് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് സ്കൂളുകളിൽ പാചകപ്പുര കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നത്. അനുവദിക്കുന്ന ഫണ്ടിന്റെ 60% തുക കേന്ദ്ര വിഹിതവും, 40% തുക സംസ്ഥാന വിഹിതവുമാണ്. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 4 വ്യത്യസ്ത പ്ലിന്ത് ഏരിയയാക്കിയാണ് പാചകപ്പുര കം-സ്റ്റോർ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നത്. |

| | **കുട്ടികളുടെ എണ്ണം** | **അനുവദിക്കുന്ന തുക** |
|---|---|---|
| I | 1-100 | 6,00,000/- |
| II | 101-200 | 7,12,992/- |
| III | 201-300 | 7,70,000/- |
| IV | 300 ന് മുകളിൽ | 8,58,976/- |

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം പട്ടാമ്പി മണ്ഡലത്തിലെ എത്ര സ്കൂളുകൾക്ക് പ്രസ്തുത പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും ഒരു പാചകപ്പുരയ്ക്കും സ്റ്റോർ റൂമിനും എത്ര രൂപയാണ് അനുവദിക്കുന്നതെന്നും അറിയിക്കാമോ; ആയത് പ്രകാരം പ്രസ്തുത പ്രവൃത്തി ആരംഭിച്ച സ്കൂളുകളിലെ നിലവിലെ പ്രവൃത്തി പുരോഗതി വ്യക്തമാക്കാമോ; | (ബി) | മേൽ പ്രകാരം പട്ടാമ്പി മണ്ഡലത്തിലെ 20 സ്കൂളുകൾക്ക് പ്രസ്തുത പദ്ധതിയിലൂടെ തുക അനുവദിച്ചിട്ടുണ്ട്. സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. പട്ടാമ്പി മണ്ഡലത്തിൽ ഫണ്ട് ലഭിച്ച 20 സ്കൂളുകളിൽ 13 സ്കൂളുകളിൽ പാചകപ്പുര നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 5 സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. 2 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ വിഹിതം എത്രയെന്നും സംസ്ഥാന | (സി) | |

| **പ്ലിന്ത് ഏരിയ** | **കുട്ടികളുടെ എണ്ണം** | **അനുവദിക്കുന്ന തുക** | **കേന്ദ്ര വിഹിതം** | **സംസ്ഥാന വിഹിതം** |
|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | സർക്കാരിന്റെ വിഹിതം എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | | | I | 1-100 | 6,00,000 | 3,60,000 | 2,40,000 |
| | | | | II | 101-200 | 7,12,992 | 4,27,795 | 2,85,197 |
| | | | | III | 201-300 | 7,70,000 | 4,62,000 | 3,08,000 |
| | | | | IV | 300 ന് മുകളിൽ | 8,58,976 | 5,15,386 | 3,43,590 |

സെക്ഷൻ ഓഫീസർ